(സി) ഗവൺമെന്റ് കോളേജുകളിലോ എയ്ഡഡ് കോളേജുകളിലോ പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കൊല്ലം അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(ഡി) സർക്കാർ/എയ്ഡഡ് കോളേജുകളിൽ സ്വാശ്രയ കോഴ്സുകൾ പുതുതായി അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഈ അദ്ധ്യയനവർഷം സ്വാശ്രയ മേഖലയിൽ 20 പുതിയ ആർട്സ് ആന്റ് സയൻസ് കോളേജുകൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

(ബി) നിലവിലുള്ള സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ഈ വർഷം പുതുതായി അനുവദിച്ച കോഴ്സുകളുടെ ലിസ്റ്റ് അനുബന്ധമായി വയ്ക്കുന്നു.†

(സി) ഉണ്ട്.

(ഡി) ഉണ്ട്.

സംസ്ഥാനത്തെ ഡീംഡ് യൂണിവേഴ്സിറ്റികളും ഓട്ടോണമസ് കോളേജുകളും

94 [3077] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:*
,, *ജോർജ് ജെ. മാത്യു:*
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. വി. ഡി. സതീശൻ:
,, *കെ. സുധാകരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കോളേജുകൾക്ക് ഡീംഡ് യൂണിവേഴ്സിറ്റി പദവി കിട്ടിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഓട്ടോണമസ് പദവി ലഭിച്ചിട്ടുള്ള കോളേജുകൾ ഉണ്ടോ;

(സി) എങ്കിൽ സംസ്ഥാനത്തുള്ള ഏതെല്ലാം കോളേജുകൾക്ക് ഓട്ടോണമസ് പദവി നൽകുവാൻ യു.ജി.സി. ഷോർട്ട് ലിസ്റ്റിൽപ്പെടുത്തിയിട്ടുണ്ട്?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ ഏക ഡീംഡ് യൂണിവേഴ്സിറ്റി തിരുവനന്തപുരത്തെ ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി ആണ്.

(ബി) ഇല്ല.

(സി) കോളേജുകൾക്ക് ഓട്ടോണമസ് പദവി നൽകുന്നതു സംബന്ധിച്ച് യു. ജി. സി. ഷോർട്ട് ലിസ്റ്റ് സർക്കാരിന് നൽകിയിട്ടില്ല.

ബി. എസ്സി. നഴ്സിംഗ് പ്രവേശനം

95 [3078] *ശ്രീ. കെ. മുഹമ്മദാലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അധ്യയനവർഷം (2004-2005) സംസ്ഥാനത്ത് ഗവൺമെന്റിലും സെൽഫ് ഫിനാൻസിംഗ് കോളേജുകളിലുമായി എത്ര ബി.എസ്സി. നേഴ്സിംഗ് സീറ്റുകളാണ് ഉണ്ടായിരുന്നത്; ഇതിൽ മെറിറ്റ് സീറ്റുകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) 2004-ൽ കേരള പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച മെഡിക്കൽ എൻട്രൻസ് റാങ്ക് ലിസ്റ്റിൽ നിന്നും ബി.എസ്സി. നേഴ്സിംഗ് മെറിറ്റ് സീറ്റുകളിലേക്ക് എത്രപേരെ അലോട്ട് ചെയ്ത് പ്രവേശനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) മുഴുവൻ മെറിറ്റ് സീറ്റുകളിലേക്കും റാങ്ക് ലിസ്റ്റിൽനിന്നും അലോട്ട്മെന്റ് നടത്താതെ മെറിറ്റ് സീറ്റുകൾ മാനേജ്മെന്റുകൾക്ക് വിട്ടുകൊടുക്കുകയുണ്ടായോ; എങ്കിൽ എത്രയെന്നും ഇതിനുള്ള കാരണവും വ്യക്തമാക്കാമോ;

(ഡി) 9-11-2004-ലെ കൗൺസിലിങ്ങിൽ ഹയർ ഓപ്ഷൻ നൽകുകയും 30-11-2004-ൽ പ്രത്യേകം അപേക്ഷിക്കുകയും ചെയ്തിട്ടും 16712-ാം റോൾ നമ്പർ കുട്ടിക്ക് ബി.എസ്സി. നേഴ്സിംഗിന് ഗവൺമെന്റ് മെറിറ്റ് സീറ്റിൽ അഡ്മിഷൻ നൽകാതിരുന്നതിന്റെ കാരണം വിശദീകരിക്കാമോ?

ഉത്തരം

(എ) 2004-2005 അധ്യയനവർഷം സംസ്ഥാനത്ത് ഗവൺമെന്റിലും സെൽഫ് ഫൈനാൻസിങ് കോളേജുകളിലുമായി ആകെ 2230 ബി.എസ്സി. നേഴ്സിംഗ് സീറ്റുകളാണ് ഉണ്ടായിരുന്നത്. ഇതിൽ 1201 സീറ്റുകൾ മെറിറ്റ് സീറ്റുകളായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly